# ലോക വ്യാപാര സംഘടന തുലയട്ടെ

വിവ: ഡോ. എം.പി. പരമേശ്വരൻ

**ലോക വ്യാപാര സംഘടന - ദരിദ്ര സംഹാര സംഘടന**

കഴിഞ്ഞകൊല്ലം സിയാറ്റിലിൽ വെച്ച നടന്ന ലോകവ്യാപാര സംഘടനയുടെ അലസിപ്പോയ സമ്മേളനസമയത്ത്, നിരവധി രാജ്യങ്ങളിൽ നിന്നുള്ള വ്യത്യസ്ത മേഖലകളിൽ പ്രവർത്തിക്കുന്ന 1500 ലധികം സംഘടനകൾ ഡബ്ലിയു.ടി.ഒ. നെ നിശിതമായ ഭാഷയിൽ വിമർശിക്കുകയും എതിർക്കുകയുമുണ്ടായി. അതിനെ തുടർന്ന് അമേരിക്കയിലെ 'പബ്ലിക് സിറ്റിസൺ ഗ്രൂപ്പ്' ഇന്റർ നെറ്റിലൂടെ ലോകവ്യാപകമായി വിതരണം ചെയ്ത ഒരു പ്രമേയമാണ് താഴെ കൊടുക്കുന്നത്. മറ്റേറെ സംഘടനകൾ ഇതിനകം ഈ പ്രമേയത്തിന് പിന്തുണ നൽകിയിട്ടുണ്ട്.

## WTO ചുരുങ്ങട്ടെ അല്ലെങ്കിൽ മുങ്ങട്ടെ

വ്യാപാരത്തിൽ ഒരു തിരിഞ്ഞുപോക്കിന് സമയമായി. 1999 നവംബറിൽ സിയാറ്റിലിൽ വച്ച നടന്ന ഡബ്ലിയു.ടി.ഒ. ന്റെ മൂന്നാം മന്ത്രിതലയോഗം തത്കാലം പരാജയപ്പെട്ടു. സർക്കാരുകളും ജനങ്ങളും നടത്തിയ അത്ഭുതപൂർവ്വമായ പ്രതിഷേധത്തിന്റെ ഫലമായി. ഈ സന്ദർഭം പാഴാക്കിക്കൂടാ. ലോകഗതിയുടെ ദിശ തിരിയേണ്ടിയിരിക്കുന്നു. ഒരു പുതിയ വ്യാപാരരീതിക്ക് ഒരു മനുഷ്യസ്നേഹപരവും സ്ഥായിയായി നിലനിൽക്കുന്നതും ജനാധിപത്യപരവും ആയ ഒരു രീതിക്ക്, ജന്മം നൽകേണ്ടിയിരിക്കുന്നു. ലോകവ്യാപാര സംഘടനയുടെ ശക്തിയും അധികാരവും ചുരുക്കണം, ഇല്ലാതാക്കണം.

ഗാട്ട് ഉടമ്പടിയും WTO ന്റെ രൂപീകരണവും ലോകത്തെ മുഴുവൻ സമ്പൽസമൃദ്ധമാക്കുമെന്നും സർവജനങ്ങൾക്കും ക്ഷേമം നൽകുമെന്നും കൊട്ടിഘോഷിച്ചിരുന്നു. എന്നാൽ നടന്നതെന്താണ്? ഏതാനും കോടീശ്വരൻമാരിൽ സമ്പത്ത് കുമിഞ്ഞുകൂടി. ഭൂരിപക്ഷം ജനങ്ങളും വിശിഷ്യ മൂന്നാം ലോക രാജ്യങ്ങളിൽ കൂടുതൽ ദരിദ്ര്യരായി. നിലനിർത്താനാകാത്ത ഉല്പാദനത്തെയും ഉപഭോഗത്തെയും പ്രോത്സാഹിപ്പിച്ചു

WTO യും ഗാട്ടും ബഹുരാഷ്ട്ര കോർപ്പറേഷനുകൾക്ക് വേണ്ടി വിപണി വെട്ടിപ്പിടിക്കുന്ന ഏജൻറുമാരാണ്. അവ ദേശീയ, പ്രാദേശിക സമ്പദ് സംഘടനകൾ തകർക്കുന്നു; തൊഴിലാളികളുടേയും കൃഷിക്കാരുടേയും ദേശീയ ജനവിഭാഗങ്ങളുടേയും താല്പര്യങ്ങൾ ഹനിക്കുന്നു; ആരോഗ്യവും പരിസ്ഥിതിയും മൃഗസമ്പത്തും നശിപ്പിക്കുന്നു. അവയുടെ നിയമങ്ങളും നടപടിക്രമങ്ങളും ജനാധിപത്യവിരുദ്ധമാണ്. അദൃശ്യങ്ങളാണ്. ഉത്തരവാദിത്തരഹിതവും ലോകത്തെ ഭൂരിപക്ഷ ജനങ്ങളെയും അവ ദരിദ്രവൽക്കരിക്കുന്നു. ലോകവ്യാപകമായ അസ്ഥിരതയുടെ ദേശീയസമ്പദ് വ്യവസ്ഥകളുടെ തകർച്ചയുടെ രാജ്യങ്ങൾ തമ്മിലും രാജ്യങ്ങൾക്കുള്ളിലും വർദ്ധിച്ചുവരുന്ന അസമത്വത്തിന്റെ വർധമാനമായ പാരിസ്ഥിതിക - സാമൂഹിക ജീർണ്ണനത്തിന്റെ സന്ദർഭത്തിലാണ് ഇതൊക്കെ നടക്കുന്നത്. കോർപറേഷനുകളുടെ ആഗോളവൽക്കരണത്തിന്റെ ഫലം!

ലോകവ്യാപാര സംഘടനയെ നിയന്ത്രിക്കുന്ന ഗവൺമെൻറുകൾ വിശിഷ്യ അമേരിക്കയും ജപ്പാനും കനഡയും യൂറോപ്യൻ യൂണിയനും അതുപോലെ പുതിയ ഉടമ്പടികൊണ്ട് നേട്ടമുണ്ടാക്കിയിട്ടുള്ള ബഹുരാഷ്ട്ര കോർപ്പറേഷനുകളും ഇതിന്റെ നേരെ കണ്ണടക്കുകയാണ്. അവർ കൂടുതൽ ഉദാരവൽക്കരണത്തിനുവേണ്ടി വാശിപിടിക്കുന്നു. സ്വതന്ത്രവ്യാപാരത്തെ ആത്യന്തിക ലക്ഷ്യമാക്കുന്നു അവർ. വാസ്തവത്തിൽ സ്വതന്ത്ര വ്യാപാരം ഒട്ടുംതന്നെ സ്വതന്ത്രം അല്ല.

ലോകവ്യാപാരത്തിലെ പ്രതിസന്ധി അംഗീകരിക്കാൻ വൈകിയിരിക്കുന്നു. അതിനെ നിയന്ത്രിക്കുന്ന WTO ന്റെ കൊള്ളരുതായ്മ തുറന്നുകാട്ടേണ്ടിയിരിക്കുന്നു. നീതിരഹിതവും മർദനാത്മകവും ആയ ഈ വ്യാപാര ഘടന മാറ്റേണ്ടിയിരിക്കുന്നു. 21 -ാം നൂറ്റാണ്ടിനു യോജിച്ച സാമൂഹ്യനീതി ഉറപ്പുവരുത്തുന്ന നിലനിൽക്കാവുന്ന ഒരു പുതിയ ചട്ടക്കൂടിന് രൂപം നൽകേണ്ടിയിരിക്കുന്നു.

സാമ്പത്തിക , സാംസ്കാരിക, സാമൂഹ്യ വൈവിധ്യവും ജൈവവൈവിധ്യവും സംരക്ഷിക്കേണ്ടിയിരിക്കുന്നു. തദ്ദേശീയ സമ്പദ് ഘടനകളും വ്യാപാരത്തിനും മുൻഗണന നൽകുന്ന പുരോഗമനപരമായ നയങ്ങൾക്ക് രൂപം നൽകേണ്ടിയിരിക്കുന്നു.

സാമൂഹ്യവും സാമ്പത്തികവും സാംസ്കാരികവും തൊഴിൽപരവും ആയ അവകാശങ്ങൾക്ക് സർവദേശീയ അംഗീകാരം ഉറപ്പാക്കേണ്ടിയിരിക്കുന്നു. ദേശീയതലത്തിലും ഉപദേശീയതലങ്ങളിലും ജനാധിപത്യപരമായി തീരുമാനങ്ങളെടുക്കുന്ന രീതി പുനഃസ്ഥാപിക്കേണ്ടിയിരിക്കുന്നു. ഇതിനൊക്കെ വിഭവങ്ങളുടെ മേൽ ജനാധിപത്യപരമായ നിയന്ത്രണം, പാരിസ്ഥിതിക സുസ്ഥിരത, സാമൂഹ്യനീതി, സഹകരണം, മുൻ കരുതൽ എന്നിവയെ അടിസ്ഥാനമാക്കിയ പുതിയ നിയമങ്ങൾ ആവശ്യമാണ്.

ഇതിന്റെയെല്ലാം വെളിച്ചത്തിൽ ഞങ്ങൾ ഞങ്ങളുടെ ഗവൺമെൻറുകളോട് ആവശ്യപ്പെടുന്നു.

## ലോകവ്യാപാരസംഘടനയുടെ വെട്ടിപ്പിടുത്തം തടയുക.

ഗാട്ട് ചർച്ചകൾ പുനരാരംഭിക്കുന്നതിനെയും WTO ന്റെ പരിധിയിലേക്ക് നിക്ഷേപം, മത്സരം, സർക്കാർ സംഭരണം, ബയോടെക്നോളജി, താരിഫ് ഉദാരവൽക്കരണത്തിന്റെ വേഗം കൂട്ടൽ തുടങ്ങിയ പുതിയ വിഷയങ്ങൾ കൊണ്ടുവരുന്നതിനെയും ഞങ്ങൾ എതിർക്കുന്നു.

WTO നിയമങ്ങളുടെ നിയന്ത്രണം ഏർപ്പെടുത്തുന്നത് അധാർമികമാണ്. അസ്വീകാര്യമാണ്. ഭക്ഷണം, കുടിവെള്ളം, ആരോഗ്യം, സുരക്ഷ, മൃഗസംരക്ഷണം, അടിസ്ഥാന സാമൂഹ്യസേവനങ്ങൾ എന്നിങ്ങനെ മനുഷ്യരാശിയുടേയും ഭൂമിയുടെ തന്നെയും ക്ഷേമത്തെ ബാധിക്കുന്ന കാര്യങ്ങൾക്ക് WTO ഉടമ്പടികൾ ബാധകമാകരുത്. ഈ രംഗങ്ങളിലേക്കുള്ള വ്യാപാര നിയമങ്ങളുടെ ആക്രമാസക്തമായ തള്ളിക്കയറ്റം, ജനിതകമായി രൂപാന്തരപ്പെടുത്തിയ ജീവികൾ, നിരോധിക്കപ്പെട്ടിട്ടുള്ള സാധനങ്ങൾ, അമിതമായ പുകവലി ഉപയോഗം എന്നിവ അന്യ നാടുകളിൽ പരത്തുന്നതിന് കാരണമായിട്ടുണ്ട്.

## ഗാട്ട്സിനെ ചാമ്പലാക്കുക അടിസ്ഥാന സേവനങ്ങൾ സംരക്ഷിക്കുക:

ആരോഗ്യം, വിദ്യാഭ്യാസം, ഊർജം മുതലായ മനുഷ്യജീവിതത്തിന് അത്യാവശ്യമായ മേഖലകൾക്ക് അന്താരാഷ്ട്ര സ്വതന്ത്ര വ്യാപാര നിയമങ്ങൾ ബാധകമാകരുത്. WTO ന്റെ സേവന ഉടമ്പടിയിലെ "വികസ്വര ഉദാരവൽക്കരണം" എന്ന തത്വവും സേവനമേഖലകളിലെ വിദേശ നിക്ഷേപവും ഒട്ടേറെ പ്രശ്നങ്ങൾ ഇതിനകം തന്നെ സൃഷ്ടിച്ചുകഴിഞ്ഞിട്ടുണ്ട്.

## ട്രിപ്സിനെ തറപറ്റിക്കുക:

ദേശീയ പേറ്റൻറ് നിയമങ്ങൾ പുനഃസ്ഥാപിക്കുക. വ്യാപാര സംബന്ധിയായ ബൗദ്ധികസ്വത്തവകാശ കരാർ WTO ൽ നിന്ന് നീക്കം ചെയ്യണം. ബൗദ്ധിക സ്വത്തവകാശത്തെ കച്ചവടക്കരാറിൽ പെടുത്തുന്നതിന് ഒരു ന്യായീകരണവും ഇല്ല. മാത്രമല്ല, ഈ കരാർ ബഹുരാഷ്ട്ര കോർപറേഷനുകൾക്ക് കുത്തകകൾ നൽകുന്നതിലേക്ക് നയിക്കും: അവശ്യ മരുന്നുകളും മറ്റു സാധനങ്ങളും ലഭ്യമല്ലാതാക്കും, അറിവിന്റെയും ജീവരൂപങ്ങളെയും സ്വകാര്യ സ്വത്താക്കും, ജൈവ വൈവിധ്യം തകർക്കും, ദരിദ്ര രാജ്യങ്ങൾക്ക് തങ്ങളുടെ സാങ്കേതിക വിദ്യ വികസിപ്പിക്കാനോ, സാമൂഹിക സാമ്പത്തിക ക്ഷേമനിലവാരം ഉയർത്താനോ കഴിയാതെ പോകും.

## ജീവന്റെ മേൽ പേറ്റൻറ് പാടില്ല

ദേശീയമോ സാർവദേശീയമോ ആയ ചിട്ടവട്ടങ്ങളിൽ ഒന്നിലും തന്നെ ജീവിരൂപങ്ങളുടെ മേൽ പേറ്റൻറ് അനുവദിക്കാവുന്നതല്ല.

## ഭക്ഷണം മൗലികമായ മനുഷ്യാവകാശമാണ്

ഭക്ഷണസുരക്ഷിതത്വം സംരക്ഷിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും എടുക്കുന്ന നടപടികളും മാനുഷികമായ കൃഷിരീതികളും ദീർഘസ്ഥായിയായ കൃഷിരീതികളും സാർവദേശീയ സ്വതന്ത്ര വ്യാപാരനിബന്ധനകളിൽ നിന്ന് ഒഴിവാക്കപ്പെടേണ്ടതാണ്. കയറ്റുമതി സബ്സിഡി നിരോധിക്കണം. മൂന്നാം ലോകരാജ്യങ്ങളിൽ കാർഷികോല്പന്നങ്ങൾ കുണ്ടമാനം ഇറക്കി അവരുടെ വിപണിയെ തകർക്കരുത്. അവിടത്തെ കർഷകരുടെയും പരമ്പരാഗത മീൻപിടുത്തക്കാരുടെയും ആദിവാസികളുടേയും ഉപജീവനമാർഗ്ഗം നശിപ്പിക്കരുത്.

## നിക്ഷേപ ഉദാരവൽക്കരണം പാടില്ല

WTO ന്റെ വ്യാപാരസംബന്ധിയായ നിക്ഷേപ ഉടമ്പടികൾ (TRIMS) റദ്ദാക്കണം. തങ്ങളുടെ രാജ്യത്തെ ഉല്പാദനം ശക്തിപ്പെടുത്താൻ പ്രത്യേകിച്ചും ചെറുകിട ഇടത്തരം സ്ഥാപനങ്ങളുടെ അനുയോജ്യമായ നയങ്ങൾ കൈക്കൊള്ളാൻ എല്ലാ രാജ്യങ്ങൾക്കും മൂന്നാം ലോക രാജ്യങ്ങൾക്ക് വിശേഷിച്ചും അധികാരമുണ്ടായിരിക്കണം. TRIMS ന്റെ പുനരവലോകനം നിക്ഷേപണത്തെ WTO ന്റെ കീഴിൽ കൊണ്ടുവരാനാകരുത്.

## മര്യാദക്കച്ചവടം : പ്രത്യേക പരിഗണനകൾ

മൂന്നാം ലോക രാജ്യങ്ങൾക്കുള്ള പ്രത്യേകാവകാശങ്ങളും പരിഗണനകളും അംഗീകരിക്കണം. മാത്രമല്ല അവ വിപുലപ്പെടുത്തുകയും വേണം. ലോകവ്യാപാര സംവിധാനത്തിൽ മൂന്നാം ലോക രാജ്യങ്ങൾക്കുള്ള ദൗർബല്യത്തിന് പരിഹാരം കാണാനാണിത്. ഈ പ്രത്യേക പരിഗണനകളില്ലെങ്കിൽ അവക്ക് ലോകവ്യാപാരത്തിൽ നിന്ന് ഒരു നേട്ടവും ഉണ്ടാകുന്നതല്ല.

## സാമൂഹ്യാവകാശങ്ങൾ, പരിസ്ഥിതി എന്നിവയുടെ ഉടമ്പടികൾക്ക് മുൻഗണന നൽകുക

പരിസ്ഥിതി, ആരോഗ്യം, വികസനം, മനുഷ്യാവകാശങ്ങൾ, സുരക്ഷ, ആദിവാസികളുടെ അവകാശങ്ങൾ, ഭക്ഷ്യ സുരക്ഷിതത്വം, സ്ത്രീകളുടെ അവകാശങ്ങൾ, തൊഴിലാളികളുടെ അവകാശങ്ങൾ, മൃഗക്ഷേമം മുതലായവയുമായി ബന്ധപ്പെട്ട് ബഹുകക്ഷി കരാറുകൾ നടപ്പാക്കാൻ ശ്രമിക്കുമ്പോൾ അതിനെ ചോദ്യം ചെയ്യാൻ WTO ന് അധികാരമില്ല.

## തീരുമാനമെടുക്കുന്നത് ജനാധിപത്യപരമാക്കുക

സ്വയം നിർണയത്തിനും കാര്യങ്ങൾ അറിയാനും സർവദേശീയ വ്യാപാര കരാറുകളിൽ തീരുമാനമെടുക്കാനും ജനങ്ങൾക്ക് അവകാശമുണ്ടായിരിക്കണം. സാർവദേശീയ വ്യാപാര സംഘങ്ങളിൽ തീരുമാനമെടുക്കുന്ന പ്രക്രിയയും നടപ്പാക്കുന്നരീതിയും സുതാര്യമായിരിക്കണം. എല്ലാവരുടേയും പങ്കാളിത്തത്തോടെ ജനാധിപത്യപരമായിരിക്കണം. ഇന്ന് WTO പ്രവർത്തിക്കുന്നത് രഹസ്യമായിട്ടാണ്. മൂന്നാം ലോകരാജ്യങ്ങളും ജനങ്ങളും അതിനു പുറത്താണ്. തങ്ങളുടെ കോർപ്പറേറ്റ് പ്രഭുക്കളുടെ താല്പര്യം മാത്രം സംരക്ഷിക്കുന്ന ശക്തമായ ഏതാനും ഗവൺമെൻറുകളാണ് തീരുമാനങ്ങളെല്ലാം എടുക്കുന്നത്.

## ഈ വ്യവസ്ഥയെ ആകെ ചോദ്യം ചെയ്യുക

WTO ന്റെ തർക്ക പരിഹാര സംവിധാനം അസ്വീകാര്യമാണ്. അന്യായമായ നിയമങ്ങൾ, ജനാധിപത്യ വിരുദ്ധ നടപടിക്രമങ്ങൾ - ഇവ അടിച്ചേൽപിക്കുന്ന, വല്ലാത്തൊരു സംവിധാനം. എന്തിന്, പരമാധികാരമുള്ള രാജ്യങ്ങളുടേയും പ്രാദേശിക ഗവൺമെൻറുകളുടേയും നിയമനിർമാണത്തിനുള്ള അധികാരം കൂടി അത് തട്ടിപ്പറിക്കുന്നു.

സാമൂഹ്യ നീതിയോടുകൂടിയ ഒരു സർവദേശീയ വ്യാപാര സംവിധാനം ഉണ്ടാകുന്നതിന് WTO ക്ക് പുറമേ മാറ്റങ്ങൾ ആവശ്യമുണ്ട്. ബഹുദേശീയ കോർപ്പറേഷനുകളും അവയുടെ ഗവൺമെൻറുകളും തൊഴിലാളികളുടെ മൗലികാവകാശങ്ങളെ ആക്രമിക്കുന്നു, സമരങ്ങളിലൂടെ അവർ നേടിയതെല്ലാം ഇല്ലാതാക്കുന്നു. തൊഴിൽ സുരക്ഷ തകിടം മറിക്കുന്നു; കൂലികൾ നെല്ലിപ്പടി വരെ താഴുന്നു. ലോകവ്യാപകമായി തൊഴിലാളികളുടെ അവകാശ സമരങ്ങൾ ശക്തിപ്പെടുത്തണം. ഐ.എം.എഫും വേൾഡ് ബാങ്കും പ്രാദേശിക വികസന ബാങ്കുകളും ദരിദ്ര രാജ്യങ്ങൾക്ക് കൊടുത്തിട്ടുള്ള മുഴുവൻ കടവും എഴുതിത്തള്ളണം. സമ്പദ് ഘടനകളുടെ പുനഃക്രമീകരണ എന്ന ഉമ്മാക്കി കാണിച്ച് മൂന്നാം ലോകരാജ്യങ്ങളെ വ്യാപാരത്തിന്റെ ഉദാരവൽക്കരണത്തിന് നിർബന്ധിക്കുന്നത് നിർത്തലാക്കണം. കോർപ്പറേഷനുകളുടെ പെരുമാറ്റം സാമൂഹ്യവും പാരിസ്ഥിതികവും ആയ ഉത്തരവാദിത്വത്തോടെയും ജനാധിപത്യപരവും ആയിരിക്കുമെന്ന് ഉറപ്പിക്കണം. അതിനായി ഐക്യരാഷ്ട്രസഭയിൽ എല്ലാ ഗവൺമെൻറുകളും സമ്മർദ്ദം ചെലുത്തണം.

**അവസാനമായി**

സ്ഥായിയായി നിലനിർത്താനാവുന്നതും സാമൂഹ്യമായി നീതിയുക്തവും ജനാധിപത്യപരവുമായ ഉത്തരവാദിത്തമുള്ളതും ആയ ഒരു വ്യാപാര സംവിധാനത്തിനു വേണ്ടിയാണ് ഞങ്ങൾ നിലകൊള്ളുന്നത്. ഇതിലേക്കുള്ള ആദ്യത്തെ ചുവട് എന്ന നിലക്ക് ഞങ്ങൾ ഞങ്ങളുടെ ഗവൺമെൻറുകളോടാവശ്യപ്പെടുകയാണ്. മുകളിൽ കൊടുത്ത നിർദ്ദേശങ്ങൾ നടപ്പിലാക്കുക, WTO ന്റെ ശക്തിയും അധികാരവും വെട്ടിക്കുറക്കുക, വ്യാപാരത്തിന്റെ ദിശ തിരിച്ചാക്കുക.

ഈ ആവശ്യങ്ങൾക്കുവേണ്ടി സമരം ചെയ്യാനും WTO ന്റെ അന്യായമായ നയങ്ങളെ നിഷേധിക്കാനും ആയി ഞങ്ങളുടെ രാജ്യങ്ങളിലെ ജനങ്ങളെ അണിനിരത്താൻ ഞങ്ങൾ ശ്രമിക്കുന്നതാണ്. മറ്റു രാജ്യങ്ങളെയും അവിടത്തെ ജനങ്ങളെയും ഇതിൽ ഞങ്ങൾ പിൻതുണക്കുന്നതാണ്. സാർവദേശീയമായ ഐക്യദാർഢ്യത്തിനുവേണ്ടി ശ്രമിക്കുന്നതാണ്. സിയാറ്റിലിന്റെ സന്ദേശം ലോകമെമ്പാടും എത്തിക്കാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്. ❒